# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 225** **10.10.2011 - ൽ മറുപടിയ്ക്ക്**

<u>സ്കാനിംഗ്/എക്സ്റേ ഉപകരണങ്ങൾ കേടുവരുത്തുന്നതായ ആക്ഷേപം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. പി. റ്റി. എ. റഹീം | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജുകളടക്കം പല സർക്കാർ ആശുപത്രികളിലും സ്കാനറുകളും എക്സ്റേ മെഷീനുകളും കേടു വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓർത്തോ സർജറി ഡിപ്പാർട്ട്മെന്റിലെ `സി ആം' മെഷീന്റെ കേബിൾ കട്ട് ചെയ്യതുമായി ബന്ധപ്പെട്ട് ഒരു കേസിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത മെഷീൻ പ്രവർത്തിപ്പിക്കുന്ന സ്ഥലത്ത് അനേകം ജീവനക്കാർ വരുന്നതിനാലും മറ്റും ഇത് എപ്പോൾ എങ്ങനെ സംഭവിച്ചു എന്ന് കണ്ടു പിടിക്കാൻ സാധിച്ചിട്ടില്ല. കൂടുതൽ വിശദമായ അന്വേഷണങ്ങൾക്കായി കേസ് മെഡിക്കൽ കോളേജ് പോലീസിന് കൈമാറിയിട്ടുണ്ട്. പല ഉപകരണങ്ങളും കേടു വരുന്നത് തുടർച്ചയായ പ്രവർത്തനവും ഓവർ വർക്ക് ലോഡും മൂലമാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | | |
| (സി) | ഉപകരണങ്ങൾ കേട് വരുത്തുന്നത് സ്വകാര്യ സ്കാനിംഗ് സെന്റർ അടക്കമുള്ള ലബോറട്ടറികളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ? | (ഡി) | വില കൂടിയ എല്ലാ ഉപകരണങ്ങളുടെയും കണക്കുകൾ സൂക്ഷിക്കുന്നതിനും കസ്റ്റോഡിയൻ ആരാണെന്ന കാര്യം അറിയിക്കുന്നതിനും മെഡിക്കൽകോളേജ് പ്രിൻസിപ്പൽമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഓപ്പറേഷൻ തീയേറ്ററിലെ ശസ്ത്രക്രിയാ ഉപകരണങ്ങൾ ഓപ്പറേഷൻ തീയേറ്ററിലെ ഒരു ഹെഡ് നഴ്സിന്റെ ചുമതലയിലായിരിക്കണമെന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ